# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1659 16.03.2015-ലെ മറുപടിയ്ക്ക്

### പുനലൂർ മണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം

| ചോദ്യം<br><br>ശ്രീ.കെ.രാജു | | മറുപടി<br><br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | പുനലൂർ നിയോജകമണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിലേയ്ക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എല്ലാ മാസവും വിളിച്ചു ചേർത്ത് പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിൽ പിന്നാക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ നിർവ്വഹണോദ്യോഗസ്ഥരുടെ ജില്ലാമേധാവികളുടെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, പ്രസിഡന്റുമാർ എന്നിവരുടെയും സംയുക്ത യോഗം വിളിച്ചുചേർക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തു തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നുണ്ട്. എസ്.സി പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് സെക്രട്ടറിമാരുടെയും പ്ലാൻ ക്ലാർക്കുമാരുടെയും യോഗം പെർഫോർമൻസ് ആഡിറ്റ് യൂണിറ്റ് തലത്തിൽ വിളിച്ചുചേർത്ത് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ, നിലവിൽ ജോലി ചെയ്യുന്നവർ, ഒഴിവുള്ളവ എന്നിവ ഇനം തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (ബി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം. | സ്ഥാപനം | തസ്തിക | അനുവദനീയമായ എണ്ണം | നിലവിലുള്ള എണ്ണം |
|---|---|---|---|---|
| 1 | അഞ്ചൽ ബ്ലോക്ക് | അസി.എക്സി.എഞ്ചിനീയർ | 1 | 1 |
| | | അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 1 |
| | | ഒന്നാം ഗ്രേഡ് ഓവർസിയർ | 1 | 0 |
| | | രണ്ടാം ഗ്രേഡ് ഓവർസിയർ | 1 | 1 |
| 2 | തെന്മല/ആര്യൻകാവ് ഗ്രാ.പ | അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 1 |
| | | രണ്ടാം ഗ്രേഡ് ഓവർസിയർ | 2 | 2 |
| | | മൂന്നാം ഗ്രേഡ് ഓവർസിയർ | 1 | 1 |
| 3 | എരൂർ/അലയമൺ ഗ്രാ.പ | അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 1 |
| | | രണ്ടാം ഗ്രേഡ് ഓവർസിയർ | 2 | 2 |
| | | മൂന്നാം ഗ്രേഡ് ഓവർസിയർ | 1 | 1 |
| 4 | കുളത്തൂപ്പുഴ ഗ്രാ.പ | അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 1 |
| | | ഒന്നാം ഗ്രേഡ് ഓവർസിയർ | 1 | 1 |
| : | | മൂന്നാം ഗ്രേഡ് ഓവർസിയർ (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന) | 1 | 1 |
| 5 | അഞ്ചൽ ഗ്രാ.പ | അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 1 |
| | | രണ്ടാം ഗ്രേഡ് ഓവർസിയർ | 1 | 1 |
| | | മൂന്നാം ഗ്രേഡ് ഓവർസിയർ | 1 | 1 |
| 6 | ഇടമുളയ്ക്കൽ ഗ്രാ.പ | അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 1 |
| | | ഒന്നാം ഗ്രേഡ് ഓവർസിയർ | 1 | 0 |
| | | മൂന്നാം ഗ്രേഡ് ഓവർസിയർ | 1 | 1 |
| 7 | കരവാളൂർ ഗ്രാ.പ | അസിസ്റ്റന്റ് എഞ്ചിനീയർ | 1 | 1 |
| | | ഒന്നാം ഗ്രേഡ് ഓവർസിയർ | 1 | 1 |
| | | മൂന്നാം ഗ്രേഡ് ഓവർസിയർ | 1 | 1 |